തൃശൂർ കോൾ മേഖലയിലെ നെല്ല് സംഭരണം

112 [2729] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ കോൾ മേഖലയിൽ നിന്ന് കൊയ്ത്ത് തുടങ്ങിയ സാഹചര്യത്തിൽ നെല്ല് സംഭരിക്കുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെയായി ഈ സീസണിൽ എത്ര നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്പോൾ നെല്ല് സംഭരിക്കുന്നതിനു മുന്നോട്ടു വന്നിട്ടുള്ളതെന്നും, ഇതുവരെയായി അവർ സംഭരിച്ച നെല്ല് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) തൃശൂർ ജില്ലാ കോൾ കർഷക സംഘം നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കലക്ടറേറ്റ് പടിക്കൽ നടത്തിവന്നിരുന്ന നിരാഹാരസത്യാഗ്രഹം അവസാനിപ്പിക്കുന്നതിനു സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(ഇ) ജില്ലാകോൾ കർഷകസംഘം പ്രതിനിധികളുമായി കൃഷിവകുപ്പു മന്ത്രി ചർച്ച നടത്തിയിരുന്നുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) തൃശൂരിലെ നെൽകൃഷിക്കാരുടെ പ്രശ്നങ്ങളും നെല്ലു സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ചചെയ്യുന്നതിനു മന്ത്രിതലത്തിൽ ഒരു കോൺഫറൻസ് വിളിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ജി) തൃശൂർ കോൾമേഖലയിൽ നെല്ല് സംഭരണത്തിനു ഏറ്റവും അവസാനം പ്രഖ്യാപിച്ച വില എത്രയാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശൂർ കോൾ മേഖലയിലെ നെല്ല് സംഭരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റി കൂടുകയും കർഷകർക്കും സംഭരണ ഏജൻസികൾക്കും സ്വീകാര്യമായ സംഭരണവില നിശ്ചയിക്കുകയും ചെയ്തു. ചുവപ്പിനു കിന്റലിന് 720 രൂപയും വെള്ളയ്ക്ക് 700 രൂപയും ജ്യോതിക്ക് 750 രൂപയും വിലയായി നിശ്ചയിച്ചു. തൃശൂർ ജില്ലയിൽ സഹകരണ ബാങ്കുകളും പാടശേഖര സമിതികളും ഉൾപ്പെടെ 10 സംഘങ്ങൾക്ക് സംഭരണത്തിനു അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശൂർ ജില്ലയിൽ 2320.296 മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(സി) നെല്ല് സംഭരിക്കുന്നതിനായി പുഞ്ചസീസണിൽ 29 ഏജൻസികൾ നിയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിലും താഴെപറയുന്ന 10 ഏജൻസികൾ സംഭരണം നടത്തി തുടങ്ങി.

1. അത്താണി മിൽ.
2. അഡാട്ട് ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക്.
3. വെങ്കിടങ്ങ് എസ്. സി. ബി.
4. ചാലടി പഴങ്കോൾ സംഘം.
5. ചാത്തങ്കോൾ സംഘം.
6. മധുക്കര-പടിഞ്ഞാപ്പുറം പാടശേഖരസമിതി.
7. പരപ്പൂർ സർവ്വീസ് സഹകരണ ബാങ്ക്.
8. മധുക്കര തെക്കേപുരം പടവ്.
9. തണ്ണീർകായൽ പാടശേഖരസമിതി.
10. മണൽപുഴ-കാളിമോത്ത് പടവ്.

(ഡി & ഇ) 18-2-2005-ൽ ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ പാടശേഖര സമിതികൾ, സഹകരണസംഘങ്ങൾ, കോൾ കർഷകസംഘം പ്രതിനിധികൾ എന്നിവ രുടെ സംയുക്തയോഗം ജില്ലാകളക്ടറുടെ ചേംബറിൽ കൂടുകയും നെല്ല് സംഭരണ ത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. സംഭരണത്തിനു വിഘാതമായി നിൽക്കുന്ന മുൻവർഷങ്ങളിലെ കുടിശ്ശിക ഉടൻ കൊടുത്തുതീർക്കുന്നതാണെന്നു യോഗത്തിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാന ത്തിൽ കോൾ കർഷകസംഘം നടത്തിവന്നിരുന്ന നിരാഹാര സമരം പിൻവലി ക്കുകയും ചെയ്തു. പ്രസ്തുത തീരുമാന പ്രകാരം ഫണ്ട് അനുവദിക്കുകയും കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് ഇപ്പോൾ ചർച്ച ആവശ്യമാണെന്നു കരുതുന്നില്ല.

(ജി) ചുവപ്പിനു കിന്റലിന് 720 രൂപ

ജ്യോതിക്ക് കിന്റലിന് 750 രൂപ.

വെള്ള കിന്റലിന് 700 രൂപ

2/676/2012—22.

LIBRARY ARCHIVES Kerala Legislative Assembly